**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3834**

**15.03.2017 ലെ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷുറൻസ് ഇടപാടുകൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴി മാത്രം നടപ്പിലാക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; | 01.10.2014 ലെ സ.ഉ.(അച്ചടി) നം. 428/2014/ധന പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി | ജനറൽ ഇൻഷുറൻസ് കമ്പനികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ കോ-ഇൻഷുറൻസ് പദ്ധതി വഴി എത്ര തുക പ്രീമിയമായി ലഭിച്ചു; | ജനറൽ ഇൻഷുറൻസ് കമ്പനികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ കോ-ഇൻഷുറൻസ് പദ്ധതി വഴി നാളിതുവരെ 9,13,35,588/ - രൂപ പ്രീമിയമായി ലഭിച്ചു. |
| സി | കോ-ഇൻഷ്വറൻസ് കരാർ തുടരാൻ തീരുമാനിക്കുന്നതിന് പകരം പൂർണ്ണമായും ഇത്തരം ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | നിലവിലെ സാഹചര്യത്തിൽ കോ- ഇൻഷുറൻസ്, ഇൻഷുറൻസ് വകുപ്പിന് ഗുണകരമാണ്. വകുപ്പിന് നിയമപരമായി അധികാരമുള്ള മേഖലകളിലെ ജനറൽ ഇൻഷുറൻസ് ബിസിനസ്സുകൾ പൂർണ്ണമായും ഇൻഷുറൻസ് വകുപ്പ് മുഖേന മാത്രം ചെയ്യുന്നതിന് കുറ്റമറ്റ ഒരു സോഫ്റ്റ്‌വെയർ സംവിധാനവും ആവശ്യമായ അധിക ജീവനക്കാരും ഇൻഷുറൻസ് മേഖലയിൽ പരിജ്ഞാനമുള്ള സാങ്കേതിക വിദഗ്ധരുടെ സേവനവും ആവശ്യമാണ്. ഡീ താരിഫിംഗിന് ശേഷം ഇൻഷുറൻസ് മേഖല കൂടുതൽ മത്സരാധിഷ്ഠിതമാകുകയും ചെയ്തു. കോടിക്കണക്കിന് രൂപയുടെ ആസ്തി ബാധ്യതകൾ ഇൻഷ്വർ ചെയ്യുന്ന ഒരു ഇടപാടിൽ കോ- ഇൻഷുറൻസ് കരാർ വഴി ഇൻഷുറൻസ് വകുപ്പിന്റെ റിസ്ക് കുറയ്ക്കുന്നതിനും സാധിക്കുന്നു. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ കോ-ഇൻഷുറൻസ് കരാർ ഒഴിവാക്കി ജനറൽ ഇൻഷുറൻസ് ഇടപാടുകൾ പൂർണ്ണമായും സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴി നടപ്പിലാക്കുന്നത് പ്രായോഗികമല്ല. |

| | | |
|---|---|---|
| ഡി | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിന് ലാഭവിഹിതം നൽകുന്നുണ്ടോ; അഞ്ച് വർഷത്തിനുള്ളിൽ എത്ര ലാഭവിഹിതം ലഭിച്ചു? | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിന് ലാഭവിഹിതം നൽകിയിട്ടുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ സർക്കാരിന് 10 കോടി രൂപ ലാഭവിഹിതമായി ലഭിച്ചു. |

സെക്ഷൻ ഓഫീസർ